## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7791** **15.07.2014-ൽ മറുപടിയ്ക്ക്**

## മാവേലിക്കരയിൽ പുതിയ സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കരയിൽ സ്റ്റേഡിയം ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയാൽ സ്റ്റേഡിയത്തിനുള്ള തുക അനുവദിക്കുമോ ; | (ബി) | സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്തശേഷം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. |
| (സി) | മൾട്ടിപ്ലക്സ് സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | 'മൾട്ടിപ്ലക്സ്' സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ സ്മൈൽ പദ്ധതിപ്രകാരം ടെന്നീസ്, വോളീബോൾ, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ, ഹാന്റ്ബോൾ, ഖോ ഖോ, കബഡി എന്നീ കായിക ഇനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത് മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സസ് നിർമ്മിച്ചു നൽകാറുണ്ട്. ഈ പദ്ധതി പ്രകാരം സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ താഴെ പറയുന്നു.<br><br>1. കളിസ്ഥലം സ്ഥാപനത്തിൽ നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും സ്ഥാപനം തെരഞ്ഞെടുക്കുന്ന പക്ഷം പദ്ധതി നടപ്പിലാക്കുന്ന ഭൂമി നിരപ്പാക്കുകയും മരങ്ങളുൾപ്പെടെയുള്ള മറ്റെന്തെങ്കിലും തടസ്സങ്ങൾ ഭൂമിയിൽ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി പദ്ധതിയ്ക്കായി തയ്യാറാക്കി നൽകുമെന്നതിന്റെ സാക്ഷ്യപത്രം, സ്ഥലത്തിന്റെ കൈവശാവകാശസർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്. |

2. കളിസ്ഥലം നിർമ്മിക്കുമ്പോൾ ആ പ്രദേശത്തുള്ള കുട്ടികളുടേയും യുവാക്കളുടേയും കളിയോടുള്ള താല്പര്യവും പ്രാവീണ്യവും പരിഗണിക്കുന്നതാണ്. കൂടാതെ ഒരു കായിക അദ്ധ്യാപകന്റെ സേവനം ലഭ്യമായിട്ടുള്ള സ്ഥാപനമായിരിക്കണം.

3. കായികതാരങ്ങൾക്ക് കളിസ്ഥലത്ത് വന്ന് ചേരുന്നതിന് വാഹന സൗകര്യം ലഭ്യമാണോ എന്ന് വ്യക്തമാക്കിയിരിക്കണം.

4. ജില്ലാ സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളീജിയറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളുകളിലേയും കോളേജുകളിലേയും കളിസ്ഥലങ്ങൾക്ക് മുൻഗണനയുണ്ടായിരിക്കും.

5. കായികപരമായി വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള അംഗീകൃത ക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ മാനദണ്ഡം (1)-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമാണെങ്കിൽ അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങളും പരിഗണിയ്ക്കുന്നതാണ്.

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള (സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ) എന്നിവ നിലനിൽക്കുന്ന സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങൾ മാനദണ്ഡം 1-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമെങ്കിൽ പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**